(സി) 2004 ഏപ്രിൽ മാസത്തിൽ നൽകിയിരുന്ന വിഹിതം കുറയുകയുണ്ടായോ: എങ്കിൽ എന്തുകൊണ്ട്;

(ഡി) മണ്ണെണ്ണയുടെ വിഹിതം കൂട്ടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) നിലവിലുള്ള റേഷൻ കാർഡുടമകൾക്കും പെർമിറ്റുകാർക്കും ഒരു മാസം വിതരണം ചെയ്യുന്നതിന് ആവശ്യമായ മണ്ണെണ്ണ 33,174 കി. ലിറ്റർ ആണ്.

(ബി) ഇപ്പോൾ സംസ്ഥാനത്ത് അനുവദിച്ച പ്രതിമാസ മണ്ണെണ്ണ വിഹിതം 22,598 കി. ലിറ്ററാണ്.

(സി) കുറയുകയുണ്ടായി. 2001 ഏപ്രിൽ മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ കുറവുവരുത്തിവരുകയാണ്. ഓരോ വർഷവും സംസ്ഥാനത്ത് പുതുതായി നൽകുന്ന പാചകവാതക കണക്ഷനുകളുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണയുടെ ഉപയോഗത്തിൽ കുറവു വരുമെന്നും അതിനാലാണ് മണ്ണെണ്ണ വിഹിതം കുറയ്ക്കുന്നത് എന്നുമാണ് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം കൂട്ടിത്തരണമെന്ന് സംസ്ഥാന ഗവൺമെന്റ് മുൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയായിരുന്നെങ്കിലും ക്രമാനുഗതമായി വിഹിതം കുറയ്ക്കുകയല്ലാതെ കൂട്ടുകയുണ്ടായില്ല. വിഹിതം വർദ്ധിപ്പിക്കാൻ പുതിയ കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

*29 [89] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയ ആനുകൂല്യങ്ങളിൽ ഏറിയ പങ്കും പുനസ്ഥാപിച്ചിട്ടുണ്ട്. 19-6-2003-ലെ സ.ഉ.നമ്പർ. 328/03/ ധന പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം ഭാഗികമായി പുനസ്ഥാപിക്കുകയും, പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മുഴുവൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനസ്ഥാപന കാലപരിധി 15 വർഷത്തിൽ നിന്നും 12 വർഷമാക്കിയിട്ടുണ്ട്. 16-6-2004-ലെ സ.ഉ.(പി) നമ്പർ. 279/2004/ധന പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായി പുനസ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly